പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5395 — 23.05.2017-ലെ മറുപടിക്ക്

## തൃശ്ശൂർ - പെരിന്തൽമണ്ണ റൂട്ടിലെ കെ.എസ്.ആർ.ടി.സി.ബസ് സർവ്വീസ്

ചോദ്യം
ശ്രീ.പി. ഉണ്ണി

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന തൃശ്ശൂർ-പെരിന്തൽമണ്ണ റൂട്ടിലെ ബസ് ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇല്ല.<br>തൃശ്ശൂർ യൂണിറ്റിൽ നിലവിലുള്ള ശരാശരി ഓപ്പറേറ്റിംഗ് ഷെഡ്യൂൾ 75 എണ്ണം ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യത്തിനുള്ള ജീവനക്കാരെ ടി യൂണിറ്റിൽ നിയമിച്ചിട്ടുണ്ടെങ്കിലും അനധികൃതമായി ജീവനക്കാർ ജോലിക്ക് ഹാജരാകാത്തതിനാൽ ജീവനക്കാരുടെ അഭാവം മൂലം സർവ്വീസ് ക്യാൻസൽ ചെയ്യേണ്ട സ്ഥിതി വിശേഷം ഉണ്ട്. |
| (ബി) | തൃശ്ശൂർ - വടക്കാഞ്ചേരി - ഷൊർണ്ണൂർ - ഒറ്റപ്പാലം - ചെർപ്പുളശ്ശേരി - പെരിന്തൽമണ്ണ റൂട്ടിൽ നിർത്തിവച്ച ബസ് സർവ്വീസ് അടിയന്തരമായി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | ജീവനക്കാരുടെ ലഭ്യതയ്ക്കനുസരിച്ച് ടി സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ